അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള ചെലവ്

259 (2134) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന്റെ ചെലവ് പോലീസ് വഹിക്കുമെന്ന ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രഖ്യാപനം അനുസരിച്ച് നാളിതുവരെ എത്ര കേസ്സുകളിലായി, എത്ര രൂപ ചെലവ് വരുകയുണ്ടായി ;

(സി) അപകടത്തിൽപ്പെടുന്നവരെ ആശുപത്രികളിലെത്തിക്കാനുള്ള ചെലവ് ഏത് ഹെഡിൽ നിന്നാണ് ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുന്നത് ?

ഉത്തരം

(എ-സി) അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന്റെ ചെലവ് പോലീസ് വഹിക്കുമെന്ന നിർദ്ദേശം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള പരിശോധനകൾ നടന്നു വരുന്നു.

2013-14 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ കേസ്സുകൾ

260 (2135) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട റോഡപകടങ്ങൾ, ഗാർഹിക പീഡനങ്ങൾ, ക്രിമിനൽ കേസ്സുകൾ, കൊലപാതകങ്ങൾ, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കണക്ക് വെളിപ്പെടുത്തുമോ ;

(ബി) 2014 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഇത്തരം എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) 2014 ഏപ്രിൽ 1 മുതൽ ഒക്ടോബർ 31 വരെ ഇത്തരം എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly